Page 1 of 1

[Mr. Speaker]

Council of Ministers and the Council of Ministers shall be collectively responsible to the Legislative Assembly. The wording in the present motion is at variance with the wording contained in the Rules in that it does not express want of confidence in the Council of Ministers, but only against three Ministers. The motion is therefore not in order and is accordingly ruled out as not being in conformity with the Rules.

## CALLING ATTENTION UNDER RULE 61

### Difficulties caused to the Agriculturists due to the heavy rain in Kunnathunad Taluk

**Mr. Speaker:** I have received a notice under Rule 61 from Shri T. O. Bava. Shri T. O. Bava can make the statement now.

ശ്രീ. ടി. ഒ. ബാവാ: സർ, അടുത്തകാലത്തുണ്ടായ പേമാരിയും വെള്ളപ്പൊക്കവുംമൂലം വളരെ അധികം കൃഷിനിലങ്ങൾ നശിച്ചുപോയിട്ടുള്ള കാര്യം ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണു റൂൾ 61 അനുസരിച്ചുള്ള നോട്ടീസു് ഞാൻ നൽകിയതു്. ഇന്നു ചോദ്യോത്തരവേളയിൽ ആലുവാ, കുന്നത്തുനാടു താലൂക്കുകളിൽ വളരെ അധികം കൃഷിനാശം ഉണ്ടായതിനെപ്പറ്റി ആവലാതിപ്പെട്ടിട്ടു്, യാതൊരു പരിഹാരവും ഉണ്ടായിട്ടില്ലെന്നു ഞാൻ പറഞ്ഞു. ആലുവാ താലൂക്കിൽ, ഇടത്തല, ആലുവാ എന്നീ പ്രദേശങ്ങളിലും, കുന്നത്തുനാടു താലൂക്കിൽ, ചെമ്മനാട്ടു്, കുന്നത്തുനാട്ടു്, കിഴക്കമ്പലം എന്നീ വില്ലേജുകളിലും നടത്തുന്ന കൃഷി അതിവർഷംമൂലം നശിച്ചിരിക്കുകയാണു്. അവിടെയെല്ലാം ഇരുപ്പൂ കൃഷി ഒന്നുരണ്ടുതവണ വിതയ്ക്കുകയും, വെള്ളംമൂലം നിശ്ശേഷം നശിച്ചുപോവുകയും, ചില സ്ഥലങ്ങളിൽ ഇരുപ്പൂക്കൃഷി കൊയ്യാൻ സാധിക്കാത്ത ഒരു നില വന്നുചേരുകയും ചെയ്തിട്ടുണ്ടു്. അതോടുകൂടി ചിങ്ങത്തിലെ വിളവിറക്കാൻ യാതൊരു സാദ്ധ്യതയുമില്ലാതെ ആ സ്ഥലങ്ങളിൽ കൃഷിക്കാർ വളരെ അധികം വിഷമിക്കുകയാണു്. ഈ വസ്തുത ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രിയേയും, എറണാകുളം ജില്ലാ കളക്ടറേയും, തഹസീൽദാരേയും യഥാസമയം അറിയിച്ചിട്ടുള്ളതാണു്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാർ ഇതു് അന്വേഷിച്ചിട്ടില്ല എന്നുള്ളതാണു് ഒരു വസ്തുത. ഇതുസംബന്ധിച്ച നടപടികൾ ത്വരിതഗതിയിൽ കൈക്കൊള്ളാത്തപക്ഷം, നിശ്ചയമായും രണ്ടാമത്തെ കൃഷിയായ ചിങ്ങത്തിലെ കൃഷിപോലും ചെയ്യാൻ സാധിക്കാതെ പാവപ്പെട്ട കർഷകർ വിഷമിക്കേണ്ടിവരും. മിഥുനം, കർക്കടകം മാസങ്ങളിൽ ഇതുമൂലം നേരിടുന്ന വൈഷമ്യങ്ങൾ ചില്ലറയൊന്നുമല്ലെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു അറിയാം. കുന്നത്തുനാട്ടു്, ആലുവാ താലൂക്കുകളിൽ വൻതോതിൽ കൃഷിനാശം ഉണ്ടായിട്ടുള്ളതിനു് അടിയന്തരമായ പരിഹാരം ഉണ്ടാക്കത്തക്ക വിധത്തിൽ വേണ്ട ആശ്വാസനടപടികൾ കൈക്കൊള്ളണമെന്നു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശം നൽകണമെന്നുമാത്രമേ ഈ അവസരത്തിൽ ഞാൻ ആവശ്യപ്പെടുന്നുള്ളു.

ശ്രീ. ഇ. പി. പൗലോസ്: സർ, ഇതിന്റെ വിവരങ്ങളെ സംബന്ധിച്ചു് അറിഞ്ഞതിനുശേഷം അടുത്തദിവസം മറുപടി പറയാം.

**Mr. Speaker:** Hon. Minister for Transport and Labour can reply an earlier notice under Rule 61.

LIBRARY ARCHIVES Kerala Legislative Assembly